കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പല്ലശ്ശന ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-പികെഡി-18/1139/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: -26-07 -2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പല്ലശ്ശന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പല്ലശ്ശന ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കാമേലാർകോട്യി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം

വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-18/1139/2017 തീയ്യതി: 26-07-2017

# പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

## (1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9-12-2016 മുതൽ 7-6-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ, |

| | |
|---|---|
| | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 8-6-2017 മുതൽ 17-6-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.രമാധരൻ | 1-4-2016 മുതൽ 31-3-2017 |
| സെക്രട്ടറി | ശ്രീ.കെ.മുരളി | 1-4-2016 മുതൽ 31-3-2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ഉണ്ണിറാം | 1-4-2016 മുതൽ 31-3-2017 |
| വെറ്ററിനറി സർജ്ജൻ | ഡോ.എൻ.ദാമോദരൻ | 1-4-2016 മുതൽ 31-3-2017 |
| വി.ഇ.ഒ | ശ്രീ.രവീന്ദ്രൻ.കെ | 1-4-2016 മുതൽ 31-3-2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സത്യഭാമ.കെ.വി | 1-4-2016 മുതൽ 31-3-2017 |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.എം.രമേഷ് | 1-4-2016 മുതൽ 31-3-2017 |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.സൈന.സി.എം | 1-4-2016 മുതൽ 31-3-2017 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.അരുണ.എൻ | 1-4-2016 മുതൽ 31-3-2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഫൈസൽ | 1-4-2016 മുതൽ 31-3-2017 |
| ഹെഡ്മാസ്റ്റർ | ശ്രീ.ഹാറൂൺ.എ | 1-4-2016 മുതൽ 31-3-2017 |

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.സി.നാരായണൻകുട്ടി | 1-4-2016 മുതൽ 31-3-2017 |


ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രിക | 1(11) |


ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13

എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 2(1) |
| 2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം | 2(2) |
| 3 | തൊഴിൽനികുതി രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ | 2(3) |
| 4 | പരസ്യനികുതി പിരിവ് നിയമാനുസൃതമാക്കേണ്ടതാണ് | 2(4) |
| 5 | വസ്തുവകകളുടെ ലേല നിബന്ധനകളിലെ അപാകതകൾ പരിഹരിക്കണം | 2(5) |
| 6 | വിവിധ പ്രവൃത്തികളുടെ കരാർ ഏറ്റെടുത്ത കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കാതിരുന്നിട്ടും ഇ.എം.ഡി മുതൽ കൂട്ടിയില്ല-23500 രൂപയുടെ നഷ്ടം | 2(6) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനത്തിനായുള്ള പ്രവർത്തനങ്ങൾ മാതൃകാപരം | 3(1) |
| 2 | മാലിന്യ സംസ്കരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലായില്ല-മോണിറ്ററിംഗ് ശക്തമാക്കേണ്ടതാണ് | 3(2) |

| | | |
|---|---|---|
| 3 | സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി നൽകിയ വിഹിതത്തിന്റെ വിനിയോഗ രേഖകൾ ലഭ്യമായില്ല | 3(3) |
| 4 | മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കേണ്ടതാണ് | 3(4) |
| 5 | എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല | 3(5) |
| 6 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ് | 3(6) |
| 7 | ഓഡിറ്റ് ഇംപാക്ട്-തനത്ഫണ്ടിൽ നിന്നും എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിച്ച തുക റീക്രൂപ്പ് ചെയ്തു | 3(7) |
| 8 | മുട്ടക്കോഴി വിതരണം -ഗുണഭോക്തൃവിഹിതം ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ തുക പദ്ധതി പൂർത്തിയായിട്ടും പിൻവലിച്ച് നൽകിയില്ല-നടപടികൾ ആവശ്യപ്പെടുന്നു | 3(8) |
| 9 | ബയോഗ്യാസ് പ്ലാൻറ് പദ്ധതി നടപ്പിലായില്ല-ഗുണഭോക്തൃവിഹിതമായി ഈടാക്കിയ തുക പദ്ധതി നടപ്പിലാക്കാത്ത സാഹചര്യത്തിൽ തിരികെ നൽകേണ്ടതാണ് | 3(9) |
| 10 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3(10) |
| 11 | അങ്കണവാടികൾക്കാവശ്യമായ പൂരക പോഷകാഹാരം പരിപാടിക്കായി ലഭ്യമായ കേന്ദ്രവിഹിതം ചെലവഴിച്ചില്ല | 3(11) |
| 12 | സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതാണ് | 3(12) |
| 13 | സാന്ത്വന പരിചരണ പ്രവർത്തനങ്ങളുടെ അവലോകനം | 3(13) |
| 14 | ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് ഇല്ല | 3(14) |
| 15 | ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. | 3(15) |

| | | |
|---|---|---|
| 16 | എം.ജി.എൻ.ആർ.ഇ.ജി.എസ്-പദ്ധതി പ്രകാരം 42 കിണറുകൾ നിർമ്മിച്ച നൽകിയത് അഭിനന്ദനാർഹം | 3(16) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 18-3-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 136560000 രൂപയും ചെലവ് 136174508 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 30-6-2017 | - | - |

വാർഷിക കണക്ക് സമയബന്ധിതമായി തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ച നടപടി അഭിനന്ദനാർഹമാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14495178 |
| വരവ് | 63949488 |
| ആകെ | 78444666 |
| ചെലവ് | 60399874 |
| നീക്കിയിരിപ്പ് | 18044792 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11881859 | 11881859 | 11881859 | 0 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി | 0 | 6410830 | 6410830 | 6410830 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 4879580 | 4879580 | 4879580 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 3308070 | 3308070 | 3308070 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5039434 | 5039434 | 5039434 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2482095 | 2482095 | 2482095 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 15838 | 25931294 | 25947132 | 25932597 | 14535 |
| ബി ഫണ്ട് | 0 | 380833810 | 380833810 | 380833810 | 0 |

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതമുള്ളത്)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി | നടപ്പാക്കാത്തവ | ചെലവ് % |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | | (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | |
|---|---|---|---|---|---|---|
| 125 | 56089930 | 97 | 34341368 | - | 28 | 61 |

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 78% പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 61% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 2 | 6106134 | 2680000 | 44 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 1860000 | 679500 | 37 |
| വി.ഇ.ഒ-1 | 7 | 7 | 2178482 | 1465000 | 67 |
| വി.ഇ.ഒ-1l | 2 | 0 | 2300000 | 0 | 0 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 4578905 | 3156956 | 69 |
| സെക്രട്ടറി | 11 | 10 | 8141564 | 6576626 | 81 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 65 | 49 | 20583689 | 15127874 | 73 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 7 | 1244710 | 870906 | 70 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 600000 | 600000 | 100 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 700000 | 699560 | 100 |
| എച്ച്.എം | 2 | 2 | 370000 | 360900 | 98 |
| അസി. സെക്രട്ടറി | 10 | 6 | 7426446 | 2524046 | 34 |
| ആകെ | 125 | 97 | 56089930 | 34341368 | 61 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 1558915 | 2328026 | 769111 | +(49) |
| നികുതിയേതര വരവുകൾ | 532041 | 958870 | 426829 | +(80) |
| ആകെ | 2090956 | 3286896 | 1195940 | +(57) |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷ കൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | നിരസി ച്ചവ | കാല താമസ ത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 58 | 58 | 14 | - |
| 2 | തൊഴിൽ രഹിത വേതനം | 101 | 101 | 34 | - |
| 3 | വിധവാ പെൻഷൻ | 94 | 94 | 5 | - |
| 4 | വികലാംഗ പെൻഷൻ | 16 | 16 | 1 | - |

| | | | | | |
|---|---|---|---|---|---|
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 4 | 1 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 296 | 296 | 74 | - |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8-6-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5964/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 17-5-2017 | 4/2017 | റിപ്പോർട്ട് ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9-7-2007 | 97-98 മുതൽ 2006-07 വരെ | 22-8-2007 | - |

# 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ്

# നിരീക്ഷണങ്ങൾ

# 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ രേഖകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. സഞ്ചയ സോഫ്റ്റ്‌വെയറിന്റെ പരിമിതി – ചട്ടപ്രകാരം അനുവദനീയമല്ലാതെ നികുതി പരിമിതപ്പെടുത്തുന്നത് പുനപരിശോധിക്കണം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 'ഓഫീസ് ആവശ്യം' എന്ന ഉപയോഗ ഗണത്തിലുൾപ്പെട്ട കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 150 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച. മീറ്ററിൽ) | പഴയ നികുതി | പുനർ നിർണ്ണയിച്ച നികുതി (സഞ്ചയ പ്രകാരം) | പരിമിതപ്പെടുത്തിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 11/268 | കണ്ണൻ എന്ന കണ്ണദാസ്, മുല്ലക്കൽ, കൂടല്ലൂർ | 36 | 88 | 1008 | 220 | 788 |
| 2 | 11/267 | ടി | 150 | 432 | 3600 | 1080 | 2520 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 11/266 | ടി | 150 | 540 | 3600 | 1350 | 2250 |
| 4 | 11/265 | ടി | 225 | 67 | 5400 | 168 | 5232 |
| 5 | 11/264 | ടി | 300 | 675 | 8400 | 1688 | 6712 |
| 6 | 11/166 | അനന്തൻ, മുല്ലക്കൽ, കൂടല്ലൂർ | 60 | 24 | 1200 | 60 | 1140 |
| 7 | 10/97 | ടി.ഹരിദാസ്, ഒഴവുപാറ | 48 | 53 | 1152 | 133 | 1019 |
| 8 | 9/377 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക്, പല്ലശ്ശന | 200 | 613 | 5600 | 1533 | 4067 |
| 9 | 9/346 | എ.ജ.ബാലസുബ്രമണ്യൻ, വിനായക അഗ്രോമിൽ, ഒഴവുപാറ | 56 | 216 | 1344 | 540 | 804 |
| 10 | 9/488 | കെ.വി.ചന്ദ്രൻ, പന്തപ്പുള്ളി | 40 | 95 | 1440 | 238 | 1202 |
| 11 | 7/492 | ഇ.എം.പാത്തുമ്പി, നീറാക്കോട് | 40 | 45 | 1600 | 113 | 1487 |
| ആകെ കുറവ് | | | | | | | 27221 |

27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിന്മേലുള്ള ഭേദഗതി ഉത്തരവിലെ ക്രമ നം.3 പ്രകാരം വാണിജ്യ, വ്യവസായ വിഭാഗങ്ങളിലുൾപ്പെട്ട നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്താവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല. ചട്ടം 9(5) പ്രകാരം ബഹുനില കെട്ടിടങ്ങൾക്ക് അനുവദനീയമായ ഇളവിന്റെ അടിസ്ഥാനത്തിലാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് 150 ശതമാനത്തിൽ പരിമിതപ്പെടുത്തി ഇളവ് നൽകിയിരിക്കുന്നത്. എന്നാൽ മേൽ കെട്ടിടങ്ങളെല്ലാം തന്നെ ഒറ്റനില കെട്ടിടങ്ങളാണ്.

ഉപയോഗക്രമം, ബഹുനില കെട്ടിടങ്ങൾ എന്നിവയ്ക്ക് നൽകാവുന്ന ഇളവുകൾക്ക് മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് അർഹതയില്ല. വസ്തുനികുതി ചട്ടം, സർക്കാർ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമായി അനർഹമായ ഇളവുകൾ നൽകി വസ്തുനികുതി പുനർനിർണ്ണയിച്ചതിലൂടെ 2013-14 മുതൽ ഒരോ വർഷവും 27221 രൂപ വീതം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്. ഐ.കെ.എം മുഖേന മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. നം.14 തീയതി-15-6-2017 നുള്ള മറുപടി താഴെ ചേർക്കുന്നു.

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളിൽ 5 കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ളതായി ക്രമീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കെട്ടിടങ്ങൾ ഓഫീസ് ആവശ്യത്തിനുതന്നെയാണ് പ്രവർത്തിക്കുന്നതെന്നും ഫോറം 6 പ്രകാരം ശരിയായ ഡാറ്റാ എൻട്രി നടത്തിയിട്ടും സഞ്ചയ സോഫ്റ്റ്‌വെയർ, വസ്തു നികുതി 150 ശതമാനമായി പരിമിതപ്പെടുത്തുന്നു എന്ന അപാകത നിലനിൽക്കുന്നുണ്ട്. ചട്ടപ്രകാരമോ ഭേദഗതി ഉത്തരവുകൾ പ്രകാരമോ ഓഫീസ് കെട്ടിടങ്ങളുടെ നികുതി പരിമിതപ്പെടുത്താവുന്നതല്ല.

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഐ.കെ.എം മുഖേന നടത്തേണ്ടതാണ്.

2. വസ്തുനികുതി നികുതി നിർണ്ണയത്തിന്മേലുള്ള മറ്റ് അപാകതകൾ

എ) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ബാങ്കുകളുടെ ഉപയോഗക്രമം വ്യത്യസ്ത രീതിയിൽ രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനം | ഉപയോഗ ക്രമം |
|---|---|
| സൗത്ത് ഇന്ത്യൻ ബാങ്ക് | വാണിജ്യാവശ്യത്തിനുള്ള ബാങ്കുകൾ, പെട്ടിക്കടകൾ, etc ... |
| കാത്തലിക് സിറിയൻ ബാങ്ക് | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, etc... |
| സർവ്വീസ് സഹകരണ ബാങ്ക്, പല്ലശ്ശന | ഓഫീസ് ആവശ്യത്തിനുള്ളവ |

എല്ലാ ബാങ്കുകളുടേയും ഉപയോഗക്രമം വാണിജ്യാവശ്യം എന്ന് ക്രമീകരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കെട്ടിടങ്ങൾ (ബാങ്ക്) വാണിജ്യാവശ്യം എന്നാക്കി ക്രമീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

ബി) പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ഉദാ:- 1/512 -1000 ച.മീ എന്ന് തെറ്റായി ചേർത്തിരിക്കുന്നു.

7/87 - 1200 ച.മീ എന്ന് തെറ്റായി ചേർത്തിരിക്കുന്നു.

അപാകത പരിഹരിക്കേണ്ടതാണ്.

സി) 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പഴയനികുതി വളരെ കുറവായതിനാലും വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്തിയിട്ടുള്ളതിനാലും ഭൂരിഭാഗം

കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവു വന്നിട്ടില്ലെങ്കിലും അപാകത പരിഹരിക്കേണ്ടതാണ്.

ഉദാ:- 14/342 - 630 ച.മീ , 15/258 – 240 ച.മീ etc..
ഇത്തരത്തിലുള്ള അപാകതകൾ പരിശോധിച്ച് പരിഹരിക്കേണ്ടതാണ്.

3. സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

4. വസ്തുനികുതി ഡിമാന്റ്-അരിയർ ഡിമാന്റ് രജിറ്ററുകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകൾ

| ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|
| അരിയർ | കറണ്ട് | അരിയർ | കറണ്ട് | അരിയർ | കറണ്ട് |
| 1193215 | 1413557 | 803001 | 882615 | 1018347 | 601620 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകൾ

| ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|
| അരിയർ | കറണ്ട് | അരിയർ | കറണ്ട് | അരിയർ | കറണ്ട് |
| 1631549 | 1484235 | 788266 | 871504 | 843283 | 488012 |

വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത അതാത് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.14 തീയതി-15-6-2017-നുള്ള മറുപടിയിൽ ഡാറ്റാ എൻട്രിയിലുള്ള അപാകതകൾ പരിഹരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഖണ്ഡിക2-1-2(ബി)യിൽ പാർപ്പിടം എന്നത് വാണിജ്യം എന്ന തിരുത്തിയതായും അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ പൂർണ്ണമായും പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 7 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 241026/-രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | വാർഡ് നം./ കെട്ടിട നം | ടവറിന്റെ ഉടമ | ഇൻസ്റ്റലേഷൻ നടത്തിയ വർഷം | നിർണ്ണയിച്ച വസ്തു നികുതി | വസ്തു നികുതി കുടിശ്ശിക/ ഏതു വർഷം മുതൽ |
|---|---|---|---|---|---|
| 1 | 1/491 | ഇൻഡസ് ടവർ ലിമിറ്റഡ്, എരട്ടോട് | 2010-11 | 12600 | 63254 (2012-13 മുതൽ) |
| 2 | 2/164 | മണികണ്ഠൻ, മുരുക്കളി, എയർസെൽ | 2009-10 | 4410 | 24909 (2012-13 മുതൽ) |
| 3 | 3/360 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ്, പല്ലശ്ശന | 2010-11 | 5775 | 29057 (2012-13 മുതൽ) |
| 4 | 4/160 | ഇൻഡസ് ടവർ, പാറക്കളം | 2009-10 | 5250 | 26704 (2012-13 മുതൽ) |
| 5 | 7/283 | റിലയൻസ് ടവർ, പാറക്കളം | 2006-07 | 3938 | 25032 (2011-12 മുതൽ) |
| 6 | 8/75 | പി.ആർ.സുബ്രഹ്മണ്യൻ, കിഴക്കേഗ്രാമം | 2010-11 | 9450 | 46625 (2013-14 മുതൽ) |
| 7 | 11/330 | റിലയൻസ് ടവർ, എലവഞ്ചേരി | 2006-07 | 5040 | 25445 (2012-13 മുതൽ) |

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിനായി

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക എത്രയും പെട്ടെന്ന് ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.9 തിയതി-13-6-2017)

# 2-3 തൊഴിൽനികുതി രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ

എ) ബി.എസ്.എൻ.എൽ - ലിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ബഹു. കേരളാ ഹൈക്കോടതിയുടെ 7-9-2016 ലെ WP(C)No.16670/2006 നമ്പർ വിധിന്യായത്തിൽ പ്രകാരം ബി.എസ്.എൻ.എൽ-നെ സ്ഥാപന തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2016-17 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ബി.എസ്.എൻ.എൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.15, തിയതി-15-6-2017). തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ്

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14.2.2011 ലെ GO(M.S)No.36/11/G.Edn ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ കുറഞ്ഞ വേതനം 01.01.2011 മുതൽ നിശ്ചയിച്ചിട്ടുണ്ട്. ഹെഡ്മാസ്റ്റർക്ക് 7000 രൂപയും പ്രൈമറി അധ്യാപകർക്ക് 5000 രൂപയുമാണ് പ്രതിമാസം ശമ്പളം നൽകേണ്ടതെന്ന് ഉത്തരവിൽ

വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പത്രിക പരിശോധിച്ചപ്പോൾ ജീവനക്കാരുടെ വേതനം മേൽ പറഞ്ഞതിനേക്കാളും വളരെ കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുറഞ്ഞ തുക കണക്കാക്കി തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിരിക്കുന്നതിനാൽ ഈയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്.

കൂടാതെ സി.ബി.എസ്.ഇ അഫിലിയേഷൻ ബൈലോ 3(V) പ്രകാരം സി.ബി.എസ്.ഇ സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപക-അനധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർവീസിലെ ഇതേ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്ന വേതനം നൽകണമെന്നും അല്ലാത്ത പക്ഷം കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുള്ള ശമ്പളനിരക്ക് നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. (CBSE/AFF./CIRCULARS/2009, CIRCULAR NO. 01 Dated 29.07.2009).

ഉത്തരവുകൾക്ക് അനുസൃതമായി തൊഴിൽനികുതി റിട്ടേണുകൾ പരിശോധിച്ച് തൊഴിൽനികുതി ഈടാക്കുന്നതിന് ബന്ധപ്പെട്ട സെക്ഷനും മേലാധികാരികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-4 പരസ്യനികുതി പിരിവ് നിയമാനുസൃതമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തേക്കുള്ള പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള കുത്തകപ്പാട്ടം നൽകുന്നതിനായുള്ള ലേലം നടത്തിയപ്പോൾ 6500/- രൂപ ലഭ്യമായിട്ടുണ്ട്. 28-3-2016 പഞ്ചായത്ത് തീരുമാനം നം.5പ്രകാരമാണ് ലേലം അംഗീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രശീതി നം./ തിയതി | തുക | പരസ്യ നികുതി പിരിക്കുവാൻ ചുമതലയുള്ള വ്യക്തി |
|---|---|---|
| 11515103078/<br>21-03-2016 | 6500 | ശ്രീ.ശക്തിദാസ് |

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005-ലെ സി/5/15253/04 നമ്പർ സർക്കുലറിലൂടെ ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാ ബൈലോ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ബൈലോയുടെ അടിസ്ഥാനത്തിലല്ല പരസ്യ നികുതി ഈടാക്കിവരുന്നത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഓരോ വർഷവും പരസ്യനികുതി പിരിച്ചെടുക്കുവാൻ ലേലം ചെയ്യുകയും ലേലക്കാരൻ ഒറ്റതവണയായി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന രീതിയാണ് തുടർന്നുവരുന്നത്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക്

നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-5 വസ്തുവകകളുടെ ലേല നിബന്ധനകളിലെ അപാകതകൾ പരിഹരിക്കണം

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ പ്രസിദ്ധീകരിച്ച ലേല നോട്ടീസ് (തീയതി-11-3-2016) പ്രകാരം ലേലം കൊള്ളുന്നയാൾ ലേലതുക അന്നേ ദിവസം പഞ്ചായത്തിൽ ഒടുക്കേണ്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 5 ഇനങ്ങൾക്കായി 21-3-2016 ന് ലേലം നടക്കുകയും 28-3-2016 ലെ ഭരണസമിതി തീരുമാനം നം. 5 പ്രകാരം ലേലം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ലേല നിബന്ധന പ്രകാരം ലേലതുക അന്നേ ദിവസം പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ 2 ഇനങ്ങളുടെ ലേലതുക ലേലദിവസം തന്നെ അടവാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ലേല നിബന്ധനകളിൽ, തുക വൈകി ഒടുക്കുന്നവരിൽ നിന്നും പിഴപലിശ ഈടാക്കുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ തുക വൈകി ഒടുക്കുവാനുള്ള പ്രവണത ഉണ്ടാവുകയും പിഴപലിശയിനത്തിൽ നഷ്ടം ഉണ്ടാവുകയും ചെയ്യുന്നുണ്ട്. എഗ്രിമെന്റുകൾ വ്യക്തമായ രേഖപ്പെടുത്തലുകളൊന്നും നടത്താതെയാണ് സൂക്ഷിച്ചിട്ടുള്ളത്.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ലേലം കൊണ്ടയാൾ | ലേല തുക | അടവാക്കൽ വിവരം |
|---|---|---|---|
| മഠത്തിൽകളം ഭാഗത്തുള്ള പാടം-കൃഷി ചെയ്യുന്നതിന് | സെക്രട്ടറി/പ്രസിഡണ്ട് സൂര്യ കുടുംബശ്രീ | 40000 | 10000/21-3-2016<br>8000/5-9-2016<br>22000/27-2-2017 |

| | | | |
|---|---|---|---|
| കുമാരംപുത്തൂർ പാടം - കൃഷിചെയ്യുന്നതിന് | സെക്രട്ടറി/പ്രസിഡണ്ട് അർച്ചന കുടുംബശ്രീ | 25000 | 10000/21-3-2016<br>10000/18-10-2016<br>5000/30-3-2017 |

ഗഡുക്കളായി തുക ഒടുക്കുന്നതിന് അനുവദിക്കുകയാണെങ്കിൽ ലേല വ്യവസ്ഥകൾ അടിയന്തിരമായി പുതുക്കേണ്ടതും ആയതിനനുസരിച്ച് തുടർലേലങ്ങൾ നടത്തേണ്ടതുമാണ്. എഗ്രിമെന്റുകൾ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്.

## 2-6 വിവിധ പ്രവൃത്തികളുടെ കരാർ ഏറ്റെടുത്ത കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കാതിരുന്നിട്ടും ഇ.എം.ഡി മുതൽ കൂട്ടിയില്ല-23500 രൂപയുടെ നഷ്ടം

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ സെലക്ഷൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. 2016-17 വർഷത്തിൽ ടെണ്ടർ ലഭിച്ച ശ്രീ.സി.വസന്ത് എന്ന കരാറുകാരൻ 4 പ്രവൃത്തികളുടെ എഗ്രിമെന്റ് വെക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് റീടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടിവന്നു. നിയമാനുസൃതമായി സെലക്ഷൻ നോട്ടീസ് അയച്ചിരുന്നുവെങ്കിലും കരാറുകാരൻ പ്രതികരിച്ചില്ല. മരാമത്ത് മാന്വനിലെ നിബന്ധന അനുസരിച്ച് ടെണ്ടർ

ഫോറത്തോടൊപ്പം സമർപ്പിച്ചിരുന്ന ഇ.എം.ഡി തുക നാളിതുവരെ മുതൽ കൂട്ടിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കരാറുകാരന്റെ പേര് - സി.വസന്ത്, കുമാരംപുത്തൂർ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ടെണ്ടർ തിയതി / ടെണ്ടർ അംഗീകരിച്ച തിയതി | സെലക്ഷൻ നോട്ടീസ് നം. / തിയതി | ഇ.എം.ഡി തുക | എഫ്.ഡി രസീതി നം. / തിയതി |
|---|---|---|---|---|---|
| 1 | 74/17-കുളത്തിങ്കൽ പടിഞ്ഞാറേതറ റോഡ്<br>അടങ്കൽ - 400000 | 28-12-2016,<br>9-1-2017 | എസ്.ഒ-126/17/ 10-1-2017 | 10000 | H-792936/ 26-12-2016<br>ഫെഡറൽ ബാങ്ക് |
| 2 | 126/17-അങ്കണവാടികളുടെ അറ്റകുറ്റപ്പണി<br>അടങ്കൽ - 300000 | 28-12-2016,<br>9-1-2017 | എസ്.ഒ-126/17/ 10-1-2017 | 7500 | H-792937/ 26-12-2016<br>ഫെഡറൽ ബാങ്ക് |
| 3 | 70/17-വട്ടകത്തറ റോഡ് മെറ്റലിംഗ്<br>അടങ്കൽ - 100000 | 28-12-2016,<br>9-1-2017 | എസ്.ഒ-70/17/<br>10-1-2017 | 2500 | H-792940/ 26-12-2016<br>ഫെഡറൽ ബാങ്ക് |
| 4 | 68/17-മാരിക്കുളം റോഡ് കോൺക്രീറ്റ്<br>അടങ്കൽ - 140000 | 28-12-2016,<br>9-1-2017 | എസ്.ഒ-68/17/<br>10-1-2017 | 3500 | H-792939/ 26-12-2016<br>ഫെഡറൽ ബാങ്ക് |
| ആകെ | | | | 23500 | |

നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 12/14-6-2017-നുള്ള മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനത്തിനായുള്ള പ്രവർത്തനങ്ങൾ

### മാതൃകാപരം

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി പല്ലശ്ശന ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തിയതിൽ ഗ്രാമപഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും വെളിച്ചം എത്തിക്കുവാനും മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തി വൈദ്യുതി ചാർജ്ജ് ഗണ്യമായി കുറയ്ക്കുവാനും സാധിച്ചിട്ടുണ്ടെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. ഓഡിറ്റ് നിർദ്ദേശം പാലിച്ച് തെരുവുവിളക്കുകളുടെ കണക്ക് ക്രമീകരിച്ചു

വൈദ്യുതി ബോർഡിന്റെ പുതുക്കിയ കണക്കനുസരിച്ച് പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ 30-4-2016 ലെ വരെ നിലവിലുണ്ടായിരുന്ന തെരുവുവിളക്കുകളുടെ എണ്ണം കാണിക്കുന്ന പട്ടിക താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | പ്രതിമാസ ചാർജ്ജ് |
|---|---|---|---|
| 1 | സാധാരണ ലാമ്പ് - 40 W | 9 | 549 |
| 2 | സാധാരണ ലാമ്പ് - 60 W | 37 | 3478 |

| | | | |
|---|---|---|---|
| 3 | ട്യൂബ് - 40 W | 1 | 61 |
| 4 | ട്യൂബ് - 80 W | 18 | 2232 |
| 5 | SV ലാമ്പ് - 250 W | 21 | 8694 |
| 6 | സി.എഫ്.എൽ-22 W | 833 | 11662 |
| 7 | സി.എഫ്.എൽ-44 W | 529 | 14812 |
| ആകെ | | 1448 | 41488 |

2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2, 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6 എന്നിവ പ്രകാരം തെറ്റായ കണക്കുകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ച് 360 സാധാരണ ലാമ്പുകൾ ഉണ്ടായിരുന്നത് നിലവിൽ 46 ആയി കുറച്ചിട്ടുണ്ട്. 51 ട്യൂബ് ലൈറ്റുകൾ ഉണ്ടായിരുന്നത് 19 ആയും കുറച്ചിട്ടുണ്ട്.

ബി. പ്രതിമാസ വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ

ഏപ്രിൽ 2016 വരെ വൈദ്യുതി ബോർഡിന്റെ നിരക്കനുസരിച്ചുള്ള 41448 രൂപ പ്രതിമാസം ഗ്രാമപഞ്ചായത്ത് ഒടുക്കിയിരുന്നു. വിവിധ നടപടികളിലൂടെ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും വെളിച്ചം എത്തിക്കുവാനും മെയ്ന്റനൻസ് ചാർജ്ജിൽ കുറവു വരുത്തുവാനും പ്രതിമാസ വൈദ്യുതി ചാർജ്ജ് ശരാശരി 28000 രൂപയായി ക്രമീകരിക്കുവാനും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(i) മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തി

2016 മെയ് മാസം മുതൽ ഗ്രാമപഞ്ചായത്തിലെ എല്ലാ തെരുവുവിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

മീറ്റർ സ്ഥാപിക്കുന്നതിനായി 217000 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (പ്രൊ.നം. 84/13).

4/2016 വരെ ഉണ്ടായിരുന്ന 1448 ലാമ്പുകളിൽ 2016-17 വർഷത്തിൽ 780 സി.എഫ് ലാമ്പുകൾ മാറ്റി സ്ഥാപിക്കുകയും പകരം എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുകയും ചെയ്തു. ഈ നടപടിയുടേയും മീറ്ററിംഗിന്റേയും ഫലമായി 5/2016 ന ശേഷം വൈദ്യുതി ചാർജ്ജ് 41488 ൽ നിന്ന് 28000 രൂപയായി കുറഞ്ഞിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്. എല്ലാ പ്രദേശങ്ങളിലും വെളിച്ചം ഉറപ്പാക്കിയതിനോടൊപ്പം പ്രതിമാസം ശരാശരി 13000 രൂപ (33% കുറവ്) ലാഭിക്കുവാനും സാധിച്ചിട്ടുണ്ട്.

(ii) ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾക്ക് മുൻഗണന നൽകി

2015-16 വർഷം വരെയുള്ള കാലയളവിൽ ആകെ 1362 സി.എഫ്.എൽ ലാമ്പുകൾ ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ 2387385 രൂപ ചെലവഴിച്ച് 780 സി.എഫ് ലാമ്പുകൾക്ക് പകരം എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| |
|---|
| പ്രൊ.നം. 139/17 – എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി |
| അടങ്കൽ - 2398500 രൂപ |
| <u>ചെലവ്</u><br>വികസന ഫണ്ട് - ജനറൽ - 1207871 (ബിൽ നം. 41/29-3-2017)<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1184514 (ബിൽ നം. 42/29-3-2017)<br>ആകെ ചെലവ് - 2387385 രൂപ |

ശരാശരി 50000 മണിക്കൂർ ആയുസ്സ് എൽ.ഇ.ഡി ലാമ്പുകൾക്ക് ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. 12 മണിക്കൂർ കത്തുന്നതായി കണക്കാക്കിയാൽ 11 വർഷത്തേക്ക് ഉപയോഗപ്രദമാകുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. 780 എൽ.ഇ.ഡി ലാമ്പുകൾക്കും 3 വർഷ വാറണ്ടി ഉറപ്പാക്കിയിട്ടുണ്ട്. മെയ്ന്റനൻസ് ചെലവിനത്തിൽ ഓരോ വർഷവും ഉണ്ടാകാവുന്ന ചെലവ് കുറയ്ക്കുവാൻ ഈ നടപടി മൂലം സാധിക്കുന്നതാണ്.

ആയുസ്സ് കൂടുതലും ഊർജ്ജ ഉപഭോഗം കുറവുമുള്ള ലാമ്പുകൾ സ്ഥാപിക്കുവാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് അഭിനന്ദനാർഹമാണ്.

ഈ വിഷയത്തിന്മേലുള്ള 11/14-6-2017 നം. ഓഡിറ്റ് കുറിപ്പിനുള്ള മറുപടിയിൽ എല്ലാ ലാമ്പുകളും എൽ.ഇ.ഡി ലാമ്പുകളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വൈദ്യുതി ചാർജ്ജ് ഗണ്യമായി കുറയ്ക്കുന്നതാണെന്ന് സെക്രട്ടറി

മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് നം. ജി2-44274/2015 തിയതി 17-8-2015 ലെ പൊതു നിർദ്ദേശങ്ങൾ പരിശോധിച്ച് ഗ്രാമപഞ്ചായത്തിന് ബാധകമാക്കാവുന്ന നിബന്ധനകൾ പരിഗണിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. തെരുവു വിളക്കുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, മെയ്ന്റനൻസ് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി പരിപാലിക്കേണ്ടതാണ്.

3. വാറണ്ടി കാലയളവിൽ കേടുപാടുകൾ സംഭവിക്കുന്ന ലാമ്പുകൾ കരാറുകാരുടെ ഉത്തരവാദിത്വത്തിൽ മാറ്റി സ്ഥാപിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4. വാറണ്ടി കാലയളവ് കഴിഞ്ഞ ലാമ്പുകളുടെ പരിപാലനത്തിനായി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വാർഷിക അറ്റകുറ്റപണികൾക്കുള്ള കരാർ നൽകാവുന്നതാണ്.

5. പരാതി പരിഹാരത്തിനായി ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

6. ആവശ്യകത വിലയിരുത്തി മാത്രം തെരുവുവിളക്കുകൾക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങുവാനും വിതരണം ചെയ്യുവാനും ശ്രദ്ധിക്കേണ്ടതാണ്.

7. വൈദ്യുതി പോസ്റ്റുകളിൽ മുൻവർഷങ്ങളിൽ സ്ഥാപിച്ചിരുന്ന 780 സി.എഫ് ലാമ്പുകൾ മാറ്റിയപ്പോൾ ലഭ്യമായ സാധനസാമഗ്രികൾ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. ആയത് ഉചിതമായ മാർഗ്ഗത്തിലൂടെ കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ ലാമ്പുകൾ മാറ്റി സ്ഥാപിക്കുമ്പോൾ ലഭ്യമാകുന്ന സാമഗ്രികളും ഇപ്രകാരം കയ്യൊഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-2 മാലിന്യ സംസ്കരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലായില്ല-മോണിറ്ററിംഗ്

ശക്തമാക്കേണ്ടതാണ്

മാലിന്യ സംസ്കരണം ഏർപ്പെടുത്തുന്നതിനായി 2016-17 വർഷത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയെങ്കിലും ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റിന്റെ പേര് | വകയിരുത്തിയ തുക, ഫണ്ടിനം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 92/17-മാലിന്യ സംസ്കരണം യൂണിറ്റിന് സ്ഥലം വാങ്ങൽ | 1434273<br>(ജനറൽ - 320263 + സി.എഫ്.സി - 1114010) | സെക്രട്ടറി |
| 2 | 56/17-ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | 2000000<br>(കേന്ദ്രവിഹിതം - 1000000 + സി.എഫ്.സി - 500000 + ഗുണഭോക്തൃ വിഹിതം - 500000) | വി.ഇ.ഒ |
| 3 | 55/17-ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | 1050000<br>(കേന്ദ്രവിഹിതം - 525000 + വികസനഫണ്ട് - എസ്.സി.പി - 262500 + ഗുണഭോക്തൃ വിഹിതം - 262500) | അസി.സെക്രട്ടറി |
| 4 | 153/17-വേസ്റ്റ് ബിൻ സ്ഥാപിക്കൽ | 250000<br>(വികസന ഫണ്ട്) | അസി.എഞ്ചിനിയർ |
| ആകെ | | 4734273 | |

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 11/14-6-2017 നുള്ള മറുപടിയിൽ സ്ഥലം വാങ്ങുന്നതിനായി പത്രപരസ്യം നൽകിയെങ്കിലും ആരും തന്നെ പങ്കെടുക്കാത്തതുകൊണ്ടാണ് പദ്ധതി നടപ്പിലാക്കാതിരുന്നതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റുകൾക്ക് ആരും തന്നെ അപേക്ഷ സമർപ്പിക്കാതിരുന്നതിനാലാണ് പദ്ധതികൾ നടപ്പിലാക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ സമീപ പ്രദേശത്തുള്ള പഞ്ചായത്തുകളെ അപേക്ഷിച്ച് മാലിന്യ പ്രശ്നങ്ങൾ കുറവാണെങ്കിലും മറ്റ് പ്രദേശങ്ങളിൽ നിന്നുള്ള

മാലിന്യങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിക്ഷേപിക്കപ്പെടുന്നുണ്ടെന്ന് പഞ്ചായത്ത് പ്രസിഡണ്ട് എക്സിറ്റ് മീറ്റിംഗിനിടയിലെ ചർച്ചയിൽ പങ്കെടുത്ത് അറിയിക്കുകയുണ്ടായി. മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

13-ാം പദ്ധതിക്കാലയളവിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. മാലിന്യ സംസ്കരണ പ്രൊജക്റ്റുകൾ 'ഹരിത കേരളം' മിഷന്റെ ഭാഗമായുള്ള ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന വിധത്തിൽ ആയിരിക്കേണ്ടതാണ്.

2. ജൈവ മാലിന്യങ്ങൾ ജൈവവള ഉൽപാദനത്തിനും ഊർജ്ജോൽപാദനത്തിനും ഉപയോഗപ്പെടുത്തുന്ന പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുന്നതിനുള്ള ബോധവത്കരണപ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

4. അജൈവ മാലിന്യങ്ങൾ പുന:ചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക.

5. കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകേണ്ടതാണ്.

6. ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവരുടെ സാങ്കേതിക സഹകരണം ഉറപ്പാക്കേണ്ടതാണ്.

7. മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ കംപോസ്റ്റ് പിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

8. ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, നിർവ്വഹണ ഏജൻസികളെ കണ്ടെത്തൽ, ശുചിത്വമിഷനിൽ നിന്നും സമയബന്ധിതമായി ഫണ്ട് ലഭ്യമാക്കൽ എന്നീ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

9. കർമ്മസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് ശക്തമാക്കി പദ്ധതിനടത്തിപ്പിലെ അപാകതകൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-3 സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി നൽകിയ വിഹിതത്തിന്റെ വിനിയോഗ രേഖകൾ ലഭ്യമായില്ല

2016-17 വർഷത്തിൽ താഴെ പറയുന്ന പ്രൊജക്ക് പ്രകാരം വൈദ്യുതി ബോർഡിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| പ്രൊജക്ക് | ഏജൻസി | തുക | ബിൽ നം. / തിയതി |
|---|---|---|---|
| 152/17-സമ്പൂർണ്ണ വൈദ്യുതീകരണം പഞ്ചായത്ത് വിഹിതം - | കെ.എസ്.ഇ.ബി, ചിറ്റൂർ സബ് ഡിവിഷൻ | 332392 | 26/17-1-2017 |

വൈദ്യുതി ബോർഡുമായി ഒപ്പുവെച്ച എഗ്രിമെന്റ് നം.55/Sec/Pallassana/2016-17 തിയതി 15-2-2017 പ്രകാരം 20-2-2017 ന് തുടങ്ങി 30-3-2017 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതും രണ്ട് ആഴ്ചക്കകം അവസാന ബിൽ, പെർഫോമൻസ് റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ രേഖകൾ ലഭ്യമായിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.13/15-6-2017-നുള്ള മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-4 മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ

## ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയർ തൻവർഷം ഏറ്റെടുത്ത 49 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്പിൽ ഓവർ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നിശ്ചയിച്ച് കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുന്നില്ല.
2. പല മരാമത്ത് പ്രവൃത്തികളുടേയും ഫയലുകളിൽ കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസ് സൂക്ഷിച്ചിട്ടില്ല.
3. കെട്ടിട നിർമ്മാണം പോലുള്ള പ്രവൃത്തികളിൽ കരാറുകാർക്ക് അനുവദിക്കുന്ന സർവ്വീസ് ടാക്സ് ഒടുക്കിയതിന്റെ രേഖകൾ അതാത് ഫയലുകളിൽ സൂക്ഷിക്കുന്നില്ല.
4. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും ചേർക്കുന്നില്ല.
5. കാലഹരണപ്പെട്ട വ്യവസ്ഥകൾ എഗ്രിമെന്റിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12/14-6-2017 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# **3-5** എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനിയർ കരാറുകാരുമായി ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴ കൂടാതെ പ്രവൃത്തി തുടരുവാൻ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ

തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ടും മാത്രമേ കാലാവധി നീട്ടി നൽകാവൂ എന്ന് വ്യവസ്ഥയുണ്ട്.

പന്തപ്പള്ളി സബ്സെന്റർ നിർമ്മാണം എന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊ.നം. 139/16, 14/17 | അടങ്കൽ- 815273 രൂപ<br>കരാർ തുക - 815273 രൂപ |
| എഗ്രിമെന്റ് നം. - 53/1-10-2015 | |
| ചെലവ് - 810101 രൂപ | ബിൽ നം.3/ 8-11-2016 |
| കരാറുകാരൻ -<br>ശ്രീ. സി.സുരേഷ്കുമാർ | അളവ് പുസ്തകം നം. 57, 58,62, 63/15-16 |

31-3-2016 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 20-6-2016 നാണ്. കരാറുകാരൻ പൂർത്തീകരണ തിയതി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. പൂർത്തീകരണ കാലാവധിയുടെ 20% വരെ പിഴകൂടാതെ അനുവദിക്കാവുന്നതാണെങ്കിലും ആയതിനു ശേഷം വരുന്ന കാലയളവിലേക്ക് എഗ്രിമെന്റ് പ്രകാരമുള്ള പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തിയതി | 1-10-2015 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | 31-3-2016 |
| യഥാർത്ഥത്തിൽ പൂർത്തീകരിച്ച തിയതി | 20-6-2016 |

| | |
|---|---|
| ഗ്രേസ് പിരീഡ് | 1-10-2015 മുതൽ 31-3-2016 വരെയുള്ള കാലാവധിയുടെ 20%.<br>183*20/100 -37 ദിവസം |
| ഈടാക്കേണ്ടിയിരുന്ന പിഴ | 8-5-2016 മുതൽ 19-6-2016 വരെ (1%) - 815273*1/100*43/90<br>= 3895/- രൂപ |
| ഈടാക്കിയത് | 0 |
| ഈടാക്കുവാൻ ബാക്കിയുള്ള പിഴ | 3895 രൂപ |

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12/14-6-2017 നുള്ള മറുടപടി തൃപ്തികരമല്ലാത്തതിനാൽ കരാറുകാരനിൽനിന്നും ഈടാക്കുവാൻ വിട്ടുപോയ പിഴ ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-6 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്

2015-16, 2016-17 വർഷങ്ങളിൽ 5 ലക്ഷത്തിനുമുകളിൽ അടങ്കലുള്ള 3 പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറ ങ്ങളുടെ എണ്ണം | ടെണ്ടർ ഫോറ ത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | 74/16 (12/17)-തുവ്വക്കോട് പി.എച്ച്.സി നവീകരണം | 1292000 | 2 | 5000 | 250 | 26-9-2015 |
| 2 | 139/16 (14/17)-പന്തപ്പുള്ളി സബ്സെന്റർ നിർമ്മാണം | 815273 | 2 | 5000 | 250 | 26-9-2015 |
| 3 | 138/17-കോൺഫറൻസ് ഹാൾ നിർമ്മാണം | 2441608 | 4 | 10000 | 600 | 23-12-2016 |
| 4 | 150/17-കോൺഫറൻസ് ഹാൾ നിർമ്മാണം-ഒന്നാം നില | 1022535 | 2 | 5000 | 250 | 6-2-2017 |
| 5 | 2/17-കരിമ്പതൊടി അങ്കണവാടി നിർമ്മാണം | 600000 | 2 | 2400 | 120 | 23-12-2016 |
| ആകെ | | | | 27400 | 1470 | |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട 27400/- രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി തനത്ഫണ്ടിൽ ഒടുക്കേണ്ടതാണ്. വാറ്റ് തുക വില്പനനികുതി ഓഫീസിൽ ഒടുക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12/14-6-2017 നുള്ള മറുപടിയിൽ തുക ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ഓഡിറ്റ് ഇംപാക്ട്-തനത്ഫണ്ടിൽ നിന്നും എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിച്ച തുക റീകൂപ്പ് ചെയ്തു

എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസിലെ ടെലഫോൺ ബിൽ ഒടുക്കുന്നതിനായി തൻവർഷം 11647/- രൂപ തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. തുക നാളിതുവരെ തനത്ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടില്ലെന്ന് ഓഡിറ്റിൽ കണ്ടെത്തുകയും ആയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകുകയും ചെയ്തു. (ഓഡിറ്റ് അന്വേഷണം നം.6/13-6-2017).

തുക തനത് ഫണ്ടിലേക്ക് 15.6.17 ൽ ചെക്ക് നമ്പർ 575777 പ്രകാരം ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച പഞ്ചായത്ത് അധികൃതരുടെ നടപടി അഭിനന്ദനാർഹമാണ്.

## 3-8 മുട്ടക്കോഴി വിതരണം -ഗുണഭോക്തൃവിഹിതം ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ തുക പദ്ധതി പൂർത്തിയായിട്ടും പിൻവലിച്ച് നൽകിയില്ല- നടപടികൾ ആവശ്യപ്പെടുന്നു

മുട്ടക്കോഴി വിതരണത്തിനായി വികസന ഫണ്ട് (ജനറൽ) ഉപയോഗിച്ച് 78 ഗുണഭോക്താക്കൾക്ക് 500/- രൂപ സബ്സിഡിയും(ആകെ-39000), എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് 47 പേർക്ക് 500/- രൂപ സബ്സിഡി(23500) അനുവദിച്ചിട്ടുണ്ട്. വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മുട്ടക്കോഴി വിതരണ പദ്ധതികളുടെ നടത്തിപ്പിൻെറ ഭാഗമായി 125 (78 + 47) ഗുണഭോക്താക്കളിൽ നിന്നും 300/-രൂപ നിരക്കിൽ ഗുണഭോക്തൃവിഹിതമായി ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ടിൽ ഒടുക്കിയ 37500/- രൂപ പിൻവലിച്ച് മുട്ടക്കോഴി വിതരണം ചെയ്ത വ്യക്തിക്ക് നാളിതുവരെ നല്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | രസീതി നമ്പരും തിയ്യതിയും | തുക | തുക നൽകേണ്ട വ്യക്തിയുടെ പേര് |
|---|---|---|---|---|
| 1 | 120/17-മുട്ടക്കോഴി വിതരണം-ജനറൽ | 11615102959/15.3.17 | 11700 | സി.ശേഖരൻ, പാറക്കളം, പല്ലശ്ശന |
| | | 11615103070/22.3.17 | 6900 | |
| | | 11615103101/24.3.17 | 3600 | |
| | | 11615103128/27.3.17 | 1200 | |
| 2 | 121/17-മുട്ടക്കോഴി വിതരണം-എസ്.സി. | 11615102958/15.3.17 | 5700 | |
| | | 11615103071/22.3.17 | 5100 | |
| | | 11615103102/24.3.17 | 1800 | |
| | | 11615103129/27.3.17 | 1500 | |
| ആകെ | | | 37500 | |

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷത്തിന് (3/9-6-2017) ലഭ്യമാക്കിയ മറുപടിയിൽ 31-3-2017 ന് തുക കൈമാറുന്നതിനായി പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. തുക നാളിതുവരെ കൈമാറിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ബയോഗ്യാസ് പ്ലാൻറ് പദ്ധതി നടപ്പിലായില്ല-ഗുണഭോക്തൃവിഹിതമായി

# ഈടാക്കിയ തുക പദ്ധതി നടപ്പിലാക്കാത്ത സാഹചര്യത്തിൽ തിരികെ നൽകേണ്ടതാണ്

പ്രോജകറ്റ് നമ്പർ -56/16-17-ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കൽ

അടങ്കൽ - 2000000

നിർവ്വഹണോദ്യോഗസ്ഥ- ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പദ്ധതി നടത്തിപ്പിൻെറ ഭാഗമായി 10 ഗുണഭോക്താക്കളിൽ നിന്നും 2625/- രൂപ വീതം ഈടാക്കി ഗ്രാമപഞ്ചാത്തിന്റെ തനത്ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെങ്കിലും പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിൻെറ പേര് | തുക ഈടാക്കിയ രസീതി നമ്പർ | തുക | ഗ്രാപഞ്ചാത്തിൽ ഒടുക്കിയ രസീതി നമ്പർ |
|---|---|---|---|---|
| 1 | സുദേവൻ.ടി.സി | 1/28525 /20.2.17 | 2625 | 11615102513/20.2.17 |
| 2 | അംബുജാക്ഷി. | 2/28525 /20.2.17 | 2625 | “ |
| 3 | മായാമോഹൻ.എൻ | 3/28525 /21.2.17 | 2625 | 11615102550/21.2.17 |
| 4 | കൃഷ്ണൻകുട്ടി.എം. | 4/28525 /21.2.17 | 2625 | “ |
| 5 | അശോക് കുമാർ.ആർ. | 5/28525 /21.2.17 | 2625 | “ |
| 6 | വിജയകുമാരി. | 8/28525 /22.2.17 | 2625 | 11615102569/22.2.17 |
| 7 | ശ്രീദേവി. | 9/28525 /23.2.17 | 2625 | 11615102615/23.2.17 |
| 8 | സുന്ദരൻ.ടി.വി. | 10/28525 /2.3.17 | 2625 | 11615102772/2.3.17. |
| 9 | ജയേന്ദ്രൻ. | 11/28525 /7.3.17 | 2625 | 11615102843/7.3.17 |

| | | | | |
|---|---|---|---|---|
| 10 | ജയകുമാർ.എം. | 12/28525 /7.3.17 | 2625 | “ |
| ആകെ | | | 26250 | |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/13-6-2017) നല്കിയ മറുപടിയിൽ ടി പദ്ധതി 2017-18 സാമ്പത്തിക വർഷത്തിൽ സ്പിൽഓവർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ ഗുണഭോക്തൃവിഹിതമായി ഈടാക്കിയ തുക പദ്ധതി നിർവ്വഹണത്തിനായി ഉപയോഗിക്കാം എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതി നടപ്പിലാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-10 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ പൂർത്തീകരണരേഖകൾ, വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേരും നമ്പരും | ബിൽ നമ്പരും തുകയും | അക്കൗണ്ട് നമ്പർ | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| 1 | 116/17- കന്നുകുട്ടി പരിപാലനം- | 1/16-17/ 2.3.17 150000 | 714021400000008 | അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് |

| | | | | |
|---|---|---|---|---|
| | ജനറൽ | 5/16-17/ 23.3.17 100000 ------------- | | സബ്സിഡി പ്രോഗ്രാം, പാലക്കാട് |
| 2 | 117/17- കന്നുകുട്ടി പരിപാലനം- എസ്.സി.പി | 2/16-17/ 2.3.17 25000 | | |
| ആകെ | | 275000 | | |

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 2/9-6-2017 നുള്ള മറുപടിയിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-11 അങ്കണവാടികൾക്കാവശ്യമായ പൂരക പോഷകാഹാരം പരിപാടിക്കായി ലഭ്യമായ കേന്ദ്രവിഹിതം ചെലവഴിച്ചില്ല

2016-17 വർഷത്തിൽ പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 844677/- രൂപ നാളിതുവരെ ചെലവഴിക്കാതെ നീക്കിയിരിപ്പായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഡിഡി നം. / തിയതി | തുക |
|---|---|---|
| 1 | 808701/7-4-2016 | 252825 |
| 2 | 808697/7-4-2016 | 362952 |
| 3 | 808685/6-4-2016 | 228900 |
| ആകെ | | 844677 |

സർക്കുലർ നമ്പർ 39033/ഡി.സി.2/ത.സ്വ.ഭവ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ ആവശ്യങ്ങൾക്ക് തുക വകയിരുത്താതിരുന്നതിന്റെയും, തുക ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് പൂരകപോഷകാഹാര പദ്ധതിക്കായി നാളിതുവരെ നൽകാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് അന്വേഷണം (4/9.6.17) നല്കിയതിന് തുക ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ഉപയോഗിക്കാം എന്ന് സൂചിപ്പിച്ചിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായുള്ള

## പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതാണ്

2016-17 വർഷത്തിൽ മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി എച്ച്.ഐ.വി രോഗികൾക്ക് പോഷകാഹാരം നൽകുന്നതിനായി ഒരു പ്രൊജക്റ്റ് ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെചേർക്കുന്നു

പ്രൊജക്റ്റ് - 44/17-എച്ച്.ഐ.വി രോഗികൾക്ക് പോഷകാഹാരം

അടങ്കൽ -49000 (മെയിന്റനൻസ് -നോൺറോഡ്)

ചെലവ് -49000

ബിൽ നം. -5/30-12-2017 – 30000

12/9-3-2017 -19000

സ.ഉ(എം.എസ്)നം. 4/2016/ത.സ്വ.ഭ.വ തിയതി 11-1-2016 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.10(i) പ്രകാരവും, സ.ഉ(സാധാ)നം.653/13/ത.സ്വ.ഭ.വ തിയതി 15-3-2013 പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള എച്ച്.ഐ.വി/എയിഡ്സ് മാർഗ്ഗരേഖയിലെ ഖണ്ഡിക 4 പ്രകാരവും എച്ച്.ഐ.വി ബാധിതർക്കുള്ള പോഷകാഹാര വിതരണം ജില്ലാ പഞ്ചായത്തുകളും, നഗരഭരണ സ്ഥാപനങ്ങളും മാത്രമേ ഏറ്റെടുക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് മുഖേന 15 പേർക്ക് 12 മാസത്തേയ്ക്ക് മാസം 250 രൂപ മൂല്യമുള്ള ഭക്ഷ്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഭക്ഷ്യക്കിറ്റ് വിതരണം ചെയ്ത വകയിൽ 45000/- രൂപയും സംഘാടന ചെലവ് 4000/- രൂപയും ഉൾപ്പെടെ ആകെ 49000/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.8 തീ.13-6-2017 നുള്ള മറുപടിയിൽ "ഗ്രാമപഞ്ചായത്തിൽ കൂടുതലും ദരിദ്രരായ എച്ച്.ഐ.വി ബാധിതരാണ് ഉള്ളതെന്നതിലാണ് പദ്ധതി നടപ്പിലാക്കിയത് എന്ന അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള രോഗികളുടെ പട്ടിക, ജില്ലാ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർവർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ ഉൾപ്പെടാത്ത പദ്ധതികൾ ആവിഷ്കരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അത്തരം പദ്ധതികൾക്ക് അംഗീകാരം ലഭ്യമായാൽപോലും ഉപേക്ഷിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനും കർമ്മസമിതിയും ഇക്കാര്യം ഉറപ്പാക്കേണ്ടതാണ്.

# 3-13 സാന്ത്വന പരിചരണ പ്രവർത്തനങ്ങളുടെ അവലോകനം

പ്രൊ നം. 39/2017-പാലിയേറ്റീവ് കെയർ പദ്ധതി
അടങ്കൽ – 506410 (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
ചെലവ് – 465210

ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015/ത.സ്വ.ഭ.വ തിയതി 29-10-2015 പ്രകാരം പുതുക്കിയ

മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ആയതിനായി ഗ്രാമപഞ്ചായത്ത് തൻവർഷം 506410 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും 465210രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പുരേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>ചെലവു വിവരങ്ങൾ</u>

| ചെലവിനം | തുക |
|---|---|
| വാഹന വാടക | 162000 |
| പാലിയേറ്റീവ് നഴ്സിനുള്ള ഹോണറേറിയം | 123500 |
| ആയുർവേദ മരുന്നുകൾക്കുള്ള ചെലവ് | 77810 |
| റിഫ്രെഷ്മെന്റ് ചാർജ് ഉൾപ്പെടെയുള്ള മറ്റു ചെലവുകൾ | 101900 |

2017 മാർച്ച് 31 വരെയുള്ള കണക്കു പ്രകാരം പാലിയേറ്റീവ് കെയർ നോമിനൽ രജിസ്റ്ററിൽ ആകെ 379 പേർ രജിസ്റ്റർ ചെയ്യുകയും, അതിൽ 172 പേരുടെ ഫോളോഅപ്പ് നടക്കുകയും ചെയ്യുന്നുണ്ട്. ദിവസത്തിൽ 4 മുതൽ 7 എണ്ണം വരെ എന്ന തോതിൽ വീടുകൾ സന്ദർശിച്ച് മാസത്തിൽ 14 ദിവസങ്ങളിൽ പരിചരണ പ്രവർത്തനങ്ങൾ നടത്തുകയും ആയത് പ്രതിമാസ യോഗങ്ങളിൽ വിശകലനം നടത്തുകയും ചെയ്യുന്നുണ്ട്.

പാലിയേറ്റീവ് കുടുംബസംഗമം, വെൽഫെയർ കമ്മിറ്റികളുടെ സംഭാവന മുഖേന ഓണക്കിറ്റ് വിതരണം, പാലീയേറ്റീവ് പദ്ധതിയുടെ കീഴിൽ ആയുർവേദ മരുന്നുകൾ വാങ്ങൽ എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സമൂഹത്തിലെ വിവിധ സംഘടനകളിൽ നിന്ന് സഹായം സ്വീകരിച്ച് രോഗികൾക്ക് വാട്ടർബെഡ്

മുതലായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ സാന്ത്വന ചികിത്സാ പദ്ധതിയുടെ നടത്തിപ്പ് പൊതുവെ തൃപ്തികരമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി), പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

3. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നുവരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവ് ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധസംഘടകകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. 29-10-2015 ലെ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ ഉത്തരവിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-14 ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് ഇല്ല

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിലുള്ള ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമായില്ല.

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷത്തിന് (7/13.6.17) ലഭ്യമാക്കിയ മറുപടിയിൽ റിപ്പോർട്ടിന് അപേക്ഷിച്ചിട്ടുണ്ടെന്നും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

സ.ഉ.(സാധാ)നം.2465/2016/തസ്വഭവ തിയ്യതി 17.08.2016 പ്രകാരം എല്ലാ ഗ്രാമപഞ്ചാത്തുകളും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന ഒരു രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. മാത്രമല്ല ഗ്രാമപഞ്ചാത്തിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ലഭ്യമാകുമ്പോൾ അവ കാലാകാലങ്ങളിൽ (കൃത്യമായ ഇടവേളകളിൽ)

യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്. റജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിവയ്ക്കുക എന്ന ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള കേന്ദ്ര/സംസ്ഥാനവിഷ്കൃത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണെന്നും ഗ്രാമപഞ്ചാത്ത് പ്രദേശത്ത് ഭിന്നശേഷിക്കാരായ വ്യക്തികളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് സംസ്ഥാന സർക്കാർ ശുപാർശ ചെയ്യുന്ന രീതിയിലുള്ള സർവേകളോ/ക്യാമ്പുകളോ ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കേണ്ടതും അപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നതിന് ഉപയോഗിക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരം രജിസ്റ്റർ തയ്യാറാക്കിയശേഷം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള നിശ്ചിത ഫോറത്തിന്റെ മാതൃക ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-16 എം.ജി.എൻ.ആർ.ഇ.ജി.എസ്-പദ്ധതി പ്രകാരം 42 കിണറുകൾ നിർമ്മിച്ചു നൽകിയത് അഭിനന്ദനാർഹം

2016-17 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം സംബന്ധിച്ച മാസ്റ്റർ സർക്കുലറിലെ പാര 4-2 -ബി- പ്രകാരം സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ പദ്ധതി പ്രകാരം നിർമ്മിച്ചു നൽകാവുന്നതാണ്. ഗുണഭോക്താക്കളുടെ അർഹതാമാനദണ്ഡം സർക്കുലറിലെ ഖണ്ഡിക 6 ൽ പരാമർശിച്ചിട്ടുണ്ട്. ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ, കുളങ്ങൾ, മറ്റ്

ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

പല്ലശ്ശന ഗ്രാമപഞ്ചായത്ത് തൻവർഷത്തിൽ സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണം എന്ന പദ്ധതി പ്രകാരം വിവിധ വാർഡുകളിലായി കിണർ ഒന്നിന് 35000/- (60:40) രൂപ അടങ്കലിൽ ആകെ 42 കിണറുകൾ കുഴിച്ചിട്ടുണ്ട്. ഇവയിൽ കിണർ നിർമ്മാണത്തിൻെറ ഭാഗമായി ലേബർചാർജ്ജ് ഇനത്തിൽ ആകെ 436838/- രൂപ ചെലവഴിച്ചിട്ടുണ്ട്.

15.6.2017 ൽ പ്രസ്തുത കിണറുകളുടെ സ്ഥല പരിശോധനയിൽ ആകെ പരിശോധിച്ച 5 കിണറുകളിൽ 4 എണ്ണം ചെങ്കല്ലിൽ കെട്ടിയതായും 1 എണ്ണം കെട്ടാതെയുള്ളതായും കണ്ടു.

ഗ്രാമപഞ്ചായത്തിന്റെ ഇത്തരത്തിലുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ തുടർന്നും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 1077500 | ഉഴവുകൂലി | 1077500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 715050 | ഉഴവുകൂലി | 715050 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | കാലിത്തീറ്റ സബ്സിഡി | 200000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് - ചിറ്റൂർ സബ് ഡിവിഷൻ | സമ്പൂർണ്ണ വൈദ്യുതീകരണം | 26/ 17-1-2017 | 332392 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല | | |
| ആകെ | | | 332392 | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 1495/- രൂപ ഈടാക്കിയിട്ടുണ്ട്

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2016-17 | 2-4 | 367 | 11615103155/ 29-3-2017 | ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 4 വ്യക്തികൾ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ തുക. |
| | | 406 | 11615103155/ 29-3-2017 | |
| | | 417 | 11615103159/ 29-3-2017 | |
| | | 305 | 11615103130/ 29-3-2017 | |
| ആകെ | | 1495 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63949488 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60399874 |
| വരവിനങ്ങളിലുള്ള നഷ്ടം | 23500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2174 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 23500 | - | ശ്രീ.എം.രമേഷ്,<br>അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-5 | - | 3895<br>(Fine) | ശ്രീ.എം.രമേഷ്,<br>അസിസ്റ്റന്റ് എഞ്ചിനിയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഒന്നുമില്ല

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഒന്നുമില്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.രമേഷ്,<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ,<br>പല്ലശ്ശന ഗ്രാമപഞ്ചായത്ത് | S/o. മാധവൻ,<br>ചിറ്റടിക്കളം, |

| | | |
|---|---|---|
| | | കരിപ്പോട് (പി.ഒ), പാലക്കാട്-678503 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേ ഷിക്കുന്ന ഖണ്ഡിക കളുടെ വിവരം |
|---|---|---|
| 1996-97 | LF-P6-168/98/10-4-1998 | 8 |
| 1997-98 | LF-9831/സ്പെ.സെൽ/ എസ്.സി13/01/ 19-7-2001 | 12 |
| 1998-99 | LF-P10-1158/01/ 16-11-2011 | 2 |
| 1999-00 | LF-4952/സ്പെ.സെൽ/ /എസ്.സി13/02/ 20-4-2002 | 3 |
| 2000-01 | LF-P10-535/02/3-8-2002 | 8 |
| 2001-02 | LF-2123/സ്പെ.സെൽ/ എസ്.സി4/ 05/15-2-2005 | 11 |
| 2002-03 | LF-2124/സ്പെ.സെൽ/എസ്.സി4 /05/15-2-2005 | 9 |
| 2003-04 | LF-P13-695/04/20-6-2005 | 2 |
| 2004-05 | LF-P12-194/06/30-5-2006 | 29 |
| 2005-06 | LF-P12-21/08/14-7-2008 | 29 |

| | | |
|---|---|---|
| 2006-07 | LF-P12-22/08/26-6-2008 | 22 |
| 2007-08 | LF-P18-1205/10/ 12-12-2011 | 12 |
| 2008-09 | LF-P18-1206/10/12-12-2001 | 18 |
| 2009-10 & 2010-11 | LF-P18-1382/13 /17-7-2014 | 18 |
| 2011-12 | LF-P18-388/14/2-5-2014 | 20 |
| 2012-13 | LF-P18-459/15/13-4-15 | 28 |
| 2013-14 & 2014-15 | കെഎസ്എ -പികെഡി.18-1433/ 2016/9-8-2016 | 8 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.18-252/17/ 10-02-2017 | 20 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# 1

## അനുബന്ധം-1

നം. കെ.എസ്.എ-പികെഡി.18/1139/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി - 26-07-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അപാകതകളുടെ സംക്ഷിപ്തം</u>

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3. താഴെ പറയുന്ന ഉപയോഗ രഹിതമായ അക്കൗണ്ടുകൾ നാളിതുവരെ അവസാനിപ്പിച്ചിട്ടില്ല.

1. പ്ലാൻ ബിൽ സിസ്റ്റം അക്കൗണ്ട് - PNB – നീക്കിയിരിപ്പ തുക - Rs. 1139666

2. ട്രഷറി – തനത്ഫണ്ട് VPFA-I_2 – നീക്കിയിരിപ്പ് തുക - Rs. 5977

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD-18/1139/2017

Kerala State Audit Department

District Audit Office, Palakkad

Date –26-07-2017

## Audit Certificate

Certified that I have audited the Annual Financial Statement of Pallassana Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pallassana Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.

3. The following un operating accounts not closed till date.

1. Plan Bill System Account in PNB – Closing balance is Rs. 1139666

2. Treasury – Own fund VPFA-I_2 – Closing balance is Rs. 5977

Deputy Director